**മൂശാക്കാലം മൂന്നാം ഞായർ**
**മത്തായി 12:22-32**

## നന്മയെ തിന്മയാക്കി ഇല്ലായ്മ ചെയ്യുന്നവർ

**ഡോ. ജോഷി പുതുശ്ശേരി**

അസാധാരണമായ സാമ്യമുള്ളവയാണ് മത്തായി സുവിശേഷം 9:32-34, 12:22-24 എന്നീ ഭാഗങ്ങളിലെ സൗഖ്യവിവരണങ്ങൾ. ജനങ്ങൾ തന്റെ അടുക്കൽ കൊണ്ടുവരുന്ന പിശാചുബാധിതരെ യേശു സുഖപ്പെടുത്തുന്നു (9:32-33a=12:22). ജനങ്ങൾ അത്ഭുതത്തോടെയും (9:33b=12:23) ഫരിസേയർ നിഷേധാത്മകമായും (9:34=12:24) ഇതിനോടു പ്രതികരിക്കുന്നു.

രണ്ടിടത്തെയും പ്രമേയം ഒന്നു തന്നെയാണെങ്കിലും രണ്ടാമത്തെ വിവരണം കുറേക്കൂടി തീവ്രമാണ്. ആദ്യ വിവരണത്തിലെ പിശാചുബാധിതൻ ഊമ മാത്രമാണ്; രണ്ടാമത്തേതിലാകട്ടെ അന്ധനും ഊമയും. ഊമ സംസാരിക്കുന്നതു കണ്ടപ്പോൾ 'ഇതുപോലൊരു സംഭവം ഇസ്രായേലിൽ ഒരിക്കലും കണ്ടിട്ടില്ല' എന്നാണ് ജനങ്ങൾ അത്ഭുതപ്പെട്ടത്. എന്നാൽ, അന്ധനും ഊമയുമായവൻ സുഖപ്പെട്ടപ്പോൾ, ആദ്യത്തേതിലും ശക്തമായ അടയാളത്തിനു, മുമ്പിൽ, 'ഇവനായിരിക്കുമോ ദാവീദിന്റെ പുത്രൻ' എന്നായി അവരുടെ ആകാംക്ഷ. പിശാച് ബഹിഷ്കരിക്കപ്പെടുന്ന അത്ഭുതകരമായ പ്രവൃത്തിയിൽ ദൈവത്തിന്റെ കരം ദർശിക്കുവാനും വിശ്വാസത്തിൽ വളർന്ന് യേശുവിൽ വാഗ്ദാനങ്ങളുടെ പൂർത്തീകരണമായ രക്ഷകന്റെ സാമീപ്യം അനുഭവിക്കാനും അവർക്ക് കഴിയുന്നു.

എന്നാൽ ഫരിസേയരുടെ പ്രതികരണം വിപരീത ദിശയിലാണ്. പിശാചുക്കളുടെ തലവനെക്കൊണ്ടാണ് യേശു പിശാചുക്കളെ ബഹിഷ്കരിക്കുന്നതെന്ന ആദ്യ ആരോപണം (9:34) പിശാചുക്കളുടെ തലവനായ ബേൽസെബൂലിന്റെ പേരെടുത്തു പറഞ്ഞ് ആവർത്തിക്കുകയാണവർ (12:24). സാധാരണ ജനങ്ങളേക്കാൾ ദൈവഹിതത്തെയും ദൈവികപ്രവർത്തനങ്ങളെയും വിവേചിച്ചറിയാൻ കഴിയുമെന്ന് അവകാശപ്പെടുന്ന, അങ്ങനെ പൊതുവേ കരുതപ്പെടുന്ന, മതനേതാക്കൾ അതിൽ ദയനീയമായി പരാജയപ്പെടുന്നു.

സുവിശേഷങ്ങളിൽ ഇവിടെ മാത്രമാണ് ഊമനും അന്ധനുമായ പിശാചു ബാധിതനെ സുഖപ്പെടുത്തുന്ന വിവരണമുള്ളത്. ശാരീരികമെന്നതിനേക്കാൾ ആത്മീയമായ കുറവുകളായിരിക്കാം സുവിശേഷകൻ സൂചിപ്പിക്കുന്നത്. കാണേണ്ടത് കാണാനും പറയേണ്ടത് പറയാനും കഴിയാതെ പോകുന്നത് പൈശാചിക ബന്ധനമാണ്. യേശുവിൽ ദൈവപുത്രനെ തിരിച്ചറിയാനും അത് ഏറ്റു പറയാനും കഴിയാത്ത അന്ധരും ഊമരുമായ ഫരിസേയർ യഥാർത്ഥത്തിൽ പൈപശാചിക ബന്ധനത്തിലാണ്.

പിശാചു ബാധിതനെ സുഖപ്പെടുത്തിയ പ്രവൃത്തി അമാനുഷികമായ ഒന്നാണെന്ന് ഫരിസേയരും സമ്മതിക്കുന്നുണ്ട്. എന്നാൽ, യേശുവിനെ അംഗീകരിക്കാൻ മനസ്സില്ലാത്തതുകൊണ്ട് അത് ദൈവത്തിന്റെ പ്രവൃത്തിയാണെന്ന് അംഗീകരിക്കാനും അവർ തയ്യാറല്ല. പകരം, സാത്താന്റെ ശക്തിയാണെന്ന് ആരോപിക്കുന്നു. ഈ ആരോപണം യേശുവിൽനിന്ന് ജനത്തെയകറ്റാനും അവനെ മരണശിക്ഷയിലേക്ക് എത്തിക്കുവാനും സഹായിക്കുമെന്നവർക്കറിയാം. നന്മയെ തിന്മയെന്ന് മുദ്രകുത്തി ഇല്ലായ്മ ചെയ്യുന്നവർ. തങ്ങളിൽ നിന്ന് വ്യത്യസ്തമായി ചിന്തിക്കുന്നവരെ, തങ്ങളുടെ അധികാരത്തെ മറികടക്കുന്നവരെ, തങ്ങൾക്ക് അംഗീകരിക്കാനാവാത്തവയെ, പൈശാചികമെന്ന് വിളിക്കാനും ഇല്ലായ്മ ചെയ്യാനുമുള്ള മതനേതൃത്വത്തിന്റെ പ്രവണത സഭയ്ക്കുള്ളിൽപ്പോലും നിരന്തരം ആവർത്തിക്കപ്പെടുന്നുണ്ട്.

ഒമ്പതാം അദ്ധ്യായത്തിൽ ഫരിസേയ ആരോപണത്തോട് യേശു പ്രതികരിച്ചിരുന്നില്ല. എന്നാൽ ഇത്തവണ അവർ ആരോപണം ആവർത്തിച്ചപ്പോൾ യേശു കൃത്യമായ മറുപടി നല്കുന്നു (12:25-37). പിശാചു ബാധിതന്റെ സൗഖ്യത്തേക്കാൾ പ്രാധാന്യത്തോടെയാണ് സുവിശേഷകൻ ഇത് വിവരിച്ചിരിക്കുന്നത്. സാത്താൻ തന്റെ തന്നെ സാമ്രാജ്യത്തിനെതിരെ പ്രവർത്തിക്കുന്നു എന്നു പറയുന്നതിലെ യുക്തിഭംഗവും (12:25-26) ഫരിസേയർ അംഗീകരിക്കുന്ന അവർക്കിടയിലെ ഭൂതോച്ചാടകരുടെ അസ്തിത്വത്തെ പോലും ഈ ആരോപണം അസ്ഥിരപ്പെടുത്തുമെന്ന വസ്തുതയും (12:27) യേശു

ചൂണ്ടിക്കാണിക്കുന്നു. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ സാത്താനെ ബന്ധിക്കുന്ന യേശുവിന്റെ പ്രവൃത്തിയിലൂടെ ദൈവരാജ്യം ഭൂമിയിൽ യാഥാർത്ഥ്യമാവുകയാണ്. ഇക്കാര്യം അംഗീകരിച്ച് അവനോട് ചേരാത്തവർ സാത്താന്റെ പക്ഷത്താണ് (12:28–30). ദൈവാത്മാവിന്റെ പ്രവർത്തനത്തെ അശുദ്ധാത്മാവിന്റെ പ്രവർത്തനമെന്ന് വിധിക്കുന്ന തിലൂടെ ഒരിക്കലും ക്ഷമിക്കപ്പെടാനാവാത്ത തിന്മയിലാണ് ഫരിസേയർ നിപതിക്കുന്നതെന്നും യേശു അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു (12:31–32). അധികാരികളുടെ അപ്രീതിക്കും സത്പേരിന്റെയും ജീവന്റെയും നഷ്ടത്തിനും കാരണമാകുമെന്നറിഞ്ഞിട്ടും സത്യത്തിനുവേണ്ടി വാദിക്കുവാൻ യേശു തയ്യാറാവുന്നു. കാരണം, അസത്യത്തിന്റെ ആത്മാവിനാൽ ആവസിക്കപ്പെട്ടവരെ കൂടി ശുദ്ധീകരിക്കുമ്പോഴാണ് ഭൂമിയിൽ ദൈവരാജ്യം സംസ്ഥാപിതമാകുന്നത്.